No. AWWF/PCL2/24/18

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
Ph : 0471-2342433
തീയതി : 28.04.2020

# സർക്കുലർ

വിഷയം :- വനിത ശിശു വികസന വകുപ്പ് - കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - പെൻഷൻ ആനുകൂല്യം - ലഭിയ്ക്കുന്നതിന് ചുവടെ പറയും പ്രകാരം അപേക്ഷയും അനുബന്ധരേഖകളും ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖേന നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) സർക്കാർ ഉത്തരവ് (എം.എസ്)31/2009 സാക്ഷേവ തീയതി 07.09.2009
2) സർക്കാർ ഉത്തരവ് (എം.എസ്) നം. 40/2009 തീയതി 16.09.2009
3) സർക്കാർ ഉത്തരവ് നം. 33/2012 സാക്ഷേവ തീയതി 31.03.2012
4) സർക്കാർ ഉത്തരവ് കൈ നം. 15/2017 സാനീവ തീയതി 22.04.2017
5) ഈ കാര്യാലയത്തിലെ 18/01/2018 ലെ AWWF/PCL2/24/2018 നമ്പർ സർക്കുലറിൽ ചില ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഈ സർക്കുലർ ക്ഷേമനിധിയുടെ പെൻഷൻ ആനുകൂല്യം കാലതാമസം കൂടാതെ അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു നൽകുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ എല്ലാ കീഴ്കാര്യാലയമേധാവികളും കൃത്യമായും പാലിക്കേണ്ടതാണ്.

**I. പെൻഷൻ :-**

**a)** മേൽ സൂചന ഉത്തരവുകൾ പ്രകാരമാണ് പെൻഷൻ ആനുകൂല്യം നൽകി വരുന്നത്. 10 വർഷമോ അതിൽ കൂടുതലോ ക്ഷേമനിധി വിഹിതം ഒടുക്കിയ അങ്കണവാടി ജീവനക്കാർക്ക് മാത്രമെ പെൻഷൻ അനുവദിക്കുകയുള്ളു. വർക്കർക്ക് ടിയാൻ ക്ഷേമനിധിയിൽ അടച്ച തുകയും 11% പലിശയും സർക്കാർ വിഹിതവും എക്സ്ഗ്രേഷ്യ ആയി 15000/- രൂപയും ഹെൽപ്പർക്ക് ടിയാൻ ക്ഷേമനിധിയിൽ അടച്ച തുകയും 11% പലിശയും സർക്കാർ വിഹിതവും എക്സ്ഗ്രേഷ്യ ആയി 10000/- രൂപയുമാണ് നിലവിൽ പെൻഷൻ ആനുകൂല്യമായി നൽകുന്നത്.

10 വർഷത്തിൽ താഴെ സേവന കാലയളവ് ഉള്ളവർക്ക് അവർ അടച്ച തുകയും 11% പലിശയും സർക്കാർ വിഹിതവും മാത്രമേ ലഭിക്കുകയുള്ളൂ. പെൻഷൻ ലഭിക്കുകയില്ല. എന്നാൽ 60 തവണ ക്ഷേമനിധി വിഹിതം അടക്കാത്ത

വർക്ക് അവർ അടച്ച തുക മാത്രമെ ലഭിക്കുകയുള്ളൂ. പലിശ കണക്കാക്കുമ്പോൾ **അനുബന്ധം 1** ലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം തയ്യാറാക്കേണ്ടത്.

**b)** പെൻഷൻ ആകുന്ന അങ്കണവാടി ജീവനക്കാരിൽ നിന്നും പെൻഷൻ കാലവധിക്ക് മുമ്പുള്ള ഡിസംബർ മാസം മുതൽ പെൻഷേൻ അപേക്ഷയും റിലീവിങ് ഓർഡർ ഒഴികെയുള്ള അനുബന്ധ രേഖകളും അതാത് ശിശു വികസന പദ്ധതി ഓഫീസർമാർ ശേഖരിച്ചുവയ്ക്കേണ്ടതും പെൻഷൻ ആകുന്ന തീയതിയിൽ റിലീവിങ് ഓർഡർ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ തയ്യാറാക്കി പെൻഷൻ അപേക്ഷയോടൊപ്പം മെയ് 18 ന് മുമ്പ് അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഹാജരാക്കേണ്ടതും അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മെയ് 18 ന് മുമ്പ് ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത തീയതിക്ക് ശേഷം നൽകുന്ന അപേക്ഷയ്ക്ക് കാലതാമസം നേരിടുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം അതാത് ശിശു വികസന പദ്ധതി ഓഫീസർമാർക്കും അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും ആയതിനാൽ എല്ലാ കീഴ് കാര്യാലയ മേധാവികളും അപേക്ഷകൾ കാലതാമസം കൂടാതെ നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**c)** പെൻഷൻ പറ്റുന്ന എല്ലാ അങ്കണവാടി ജീവനക്കാരും എല്ലാ വർഷവും നവംബർ മാസത്തിനുള്ളിൽ അക്ഷയ കേന്ദ്രം മുഖേന മസ്റ്ററിംഗ് നടത്തേണ്ടതും ആയതിന്റെ രസീത് അതാത് പ്രോജക്ടുകളിൽ ഹാജരാക്കേണ്ടതും പ്രസ്തുത രസീത് അതാത് ശിശു വികസന പദ്ധതി ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ഡിസംബർ 10ന് മുമ്പ് താങ്കളുടെ പ്രോജക്ടിൽ പെൻഷൻ വാങ്ങുന്ന എല്ലാവരും മസ്റ്ററിംഗ് നടത്തി എന്ന് ഉറപ്പുവരുത്തി ലിസ്റ്റ് തയ്യാറാക്കി ഡിസംബർ 10 ന് മുമ്പ് അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതും അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ അവരുടെ ജില്ലയിലെ പെൻഷൻ വാങ്ങുന്ന അങ്കണവാടി ജീവനക്കാർ മസ്റ്ററിംഗ് നടത്തി അതാത് പ്രോജക്ടുകളിൽ നിന്നും നൽകിയതിന്റെ ക്രോഡീകരിച്ച മസ്റ്ററിംഗ് ലിസ്റ്റിന്റെ സോഫ്റ്റ് കോപ്പി(എക്സെൽ ഫോർമാറ്റ്) ഡിസംബർ 20 ന് മുമ്പ് അങ്കണവാടി വെൽഫയർ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത ജനുവരി മുതൽ മസ്റ്ററിംഗ് ചെയ്യാത്ത വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നൽകാൻ കഴിയില്ല എന്ന വിവരം എല്ലാ കീഴ് കാര്യാലയ മേധാവികളേയും അറിയിക്കുന്നു. ജിവനക്കാരുടെ ലിസ്റ്റിനോടൊപ്പം അവരുടെ മസ്റ്ററിംഗ് ഐഡി നമ്പർ, പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂടി രേഖപ്പെടുത്തേണ്ടതാണ്.

**d)** പെൻഷൻ വാങ്ങുന്ന അങ്കണവാടി ജീവനക്കാർ മരണപ്പെട്ടാൽ പ്രസ്തുത വിവരം ഉടനെ തന്നെ രേഖമുഖേന വിവരം അറിയിക്കേണ്ടതാണ്. തുടർന്ന് **death certificate** ലഭ്യമാകുന്ന മുറയ്ക്ക് **death certificate, Bank Pass Book** ന്റെ മുൻ പേജിന്റെ പകർപ്പ് ഉൾപ്പെടെ അയച്ചുതരേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന പെൻഷൻ തുക സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വം അതാത് ശിശു വികസന പദ്ധതി ഓഫീസർമാർക്കും **JS**/സെക്ഷൻ കൈകാര്യം ചെയ്യുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിനുമായിരിക്കും

**e)**

1) അപേക്ഷഫോറം
2) ശിശു വികസന പദ്ധതി ഓഫീസറുടെയും ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെയും റിപ്പോർട്ട്
3) ക്ഷേമനിധി പാസ്ബുക്ക്
4) ആനുകൂല്യം കണക്കാക്കുന്ന ഫോറം
5) വിടുതൽ ഉത്തരവ്
6) ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ്
7) (SBI) ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, 62 വയസ് തികഞ്ഞു എന്ന് ഉറപ്പാക്കുന്ന രേഖയുടെ പകർപ്പ്

(ശിശു വികസന പദ്ധതി ഓഫീസർ അറ്റസ്റ്റ് ചെയ്തത്)

വിശ്വസ്തതയോടെ,

**ചീഫ് എക്സിക്യൂട്ടീവ് ആഫീസർ**

**പകർപ്പ് :**

1) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3) എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
3) വെബ്സൈറ്റ്/സ്റ്റോക്ക് ഫയൽ
4) അനുബന്ധം 1 മുതൽ 7 വരെ

# അനുബന്ധം 1

അങ്കണവാടി ക്ഷേമനിധി ആനുകൂല്യം കണക്കാക്കുന്ന ഫാറം പൂരിപ്പിക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) വർഷം പൂർത്തികരിച്ച തുകക്കു മാത്രമേ പലിശ അനുവദനീയമാകുകയുള്ളൂ എന്നതിനാൽ ആദ്യ വർഷത്തിൽ പലിശ കണക്കാക്കാൻ പാടില്ല.

2) രണ്ടാം വർഷത്തിൽ പലിശ കണക്കാക്കേണ്ടത് ആ വർഷം പൂർത്തീകരിച്ച ഒന്നാം വർഷത്തിലെ തുക അടിസ്ഥാനമാക്കിയാകണം.

   (ഉദാ: 1993-94 വർഷത്തിലെ 5-ാം കോളം പൂജ്യം ആയിരിക്കും . 1994-95 ൽ 5-ാം കോളത്തിലെ പലിശ കണക്കാക്കുന്നത് 93-94 ലെ 4-ാം കോളത്തിലെ തുക x11% എന്ന പ്രകാരമാണ്.)

3) അപ്രകാരം തുടർവർഷങ്ങളിൽ മുൻ വർഷത്തെ ആകെ തുകക്ക് പലിശ കണക്കാക്കുമ്പോൾ വർഷം പൂർത്തീകരിക്കാത്ത അവസാന വർഷത്തിലെ 4-ാം കോളത്തിലെ തുകക്ക് പലിശ അനുവദിക്കാവുന്നതല്ല.

4) പലിശ കണക്കുകൂട്ടുമ്പോൾ ഭിന്ന സംഖ്യകൾ അപ്രകാരം തന്നെ രേഖപ്പെടുത്തേണ്ടതും 5-ാം കോളത്തിലെ ആകെ തുക രൂപയിൽ ക്രമീകരിക്കേണ്ടതുമാണ്.

5) 60 തവണ ക്ഷേമനിധി വിഹിതം അടക്കാത്തവർക്ക് പലിശ കണക്കാക്കുവാൻ പാടില്ല.

# അനുബന്ധം-2

**അപേക്ഷാഫാറം - 3**
**അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള വിരമിക്കൽ പദ്ധതി**

ഫോട്ടോ

| | | |
|---|---|---|
| 1. | പേര്, മേൽവിലാസം, ഫോൺ നമ്പർ, ആധാർ നമ്പർ, ഇലക്ഷൻ നമ്പർ | |
| 2. | അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് | |
| 3. | വയസ്സ്/ജനന തീയതി | |
| 4. | കാറ്റഗറി | വർക്കർ/ഹെൽപ്പർ |
| 5. | അങ്കണവാടി സെന്റർ നമ്പരും സ്ഥലവും | |
| 6. | പ്രോജക്ട്/ജില്ല | |
| 7. | സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 8. | എ. 62 വയസ്സ് പൂർത്തിയായ തീയതി | |
| | ബി. സർവ്വീസ് അവസാനിക്കുന്ന തീയതി | |
| 9. | താത്ക്കാലിക സർവ്വീസ് | |

| | | |
|---|---|---|
| 10. | ആകെ സർവ്വീസ് | വർഷം മാസം ദിവസം |
| 11. | ഇപ്പോൾ വാങ്ങുന്ന പ്രതിമാസ ഹോണറേറിയം | |
| 12. | ക്ഷേമനിധിയിൽ ചേർന്ന തീയതി | |
| 13. | ക്ഷേമനിധി അംഗത്വ നമ്പർ | |
| 14. | ക്ഷേമനിധിയിൽ നിക്ഷേപം നടത്തിയിട്ടുള്ള ആകെ തവണകളുടെ എണ്ണം | |
| 15. | പെൻഷൻ തുക നിക്ഷേപിക്കേണ്ട ബാങ്ക് | |
| 16. | നോമിനിയുടെ പേര് മേൽവിലാസം | |

മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

വർക്കർ/ഹെൽപ്പർ

നോമിനിയുടെ ഒപ്പ്

# അനുബന്ധം -3

## ശിശുവികസന പദ്ധതി ഓഫീസറുടെ റിപ്പോർട്ട്

ശ്രീമതി ..........................................W/o ..............................

ന്റെ അപേക്ഷയെത്തുടർന്ന് ഓഫീസിലുള്ള രേഖകൾ പരിശോധിച്ചതിൽ ടിയാളുടെ സർവ്വീസ് സംബന്ധമായ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശരിയാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

സ്ഥലം : ഒപ്പ്:

തീയതി : പേര്:

ഓഫീസ് മുദ്ര സംയോജിത ശിശുവികസന പദ്ധതി ഓഫീസർ

## ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ റിപ്പോർട്ട്

ശ്രീമതി .................................... W/o .................................. ന്റെ അപേക്ഷയോടൊപ്പമുള്ള രേഖകൾ പരിശോധിച്ചതിൽ ടിയാൾക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിനായി ശിപാർശ ചെയ്യുന്നു.

സ്ഥലം : ഒപ്പ്:

തീയതി : പേര്:

ഓഫീസ് മുദ്ര ജില്ലാ വനിതാ ശിശു വികസന ഓഫീസർ

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ്

ശ്രീമതി ..............................................

W/o.................................. ക്ക് ക്ഷേമനിധി ആനുകൂല്യമായി............../- രൂപയും, പെൻഷൻ കുടിശ്ശികയായി (............മുതൽ............വരെ)..................രുപയുംഗ്രാറ്റുവിറ്റിയായി.................................../- രൂപയും ചേർത്ത് ആകെ ......................................../- രൂപ അനുവദിക്കാവുന്നതാണ്.

സ്ഥലം : ഒപ്പ്:

തീയതി : പേര്:

ഓഫീസ് മുദ്ര ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അനുബന്ധം 4

## അങ്കണവാടി ക്ഷേമനിധി ആനുകൂല്യം കണക്കാക്കുന്ന ഫാറം

| വർഷം | തുക അടച്ച മാസങ്ങളുടെ (എണ്ണം) | തന്നാണ്ട് അടച്ച തുക (രൂപ) | തന്നാണ്ട് വരെ യുള്ള ആകെ തുക (രൂപ) | പലിശ (11%) | സർക്കാർ വിഹിതം മാർച്ച് 2003 വരെ 10% 2003 ഏപ്രിൽ 2015 ഒക്ടോബർ വരെ 100% 2015 നവംബർ മുതൽ 50% |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1993–1994 | | | | | |
| 1994–1995 | | | | | |
| 1995–1996 | | | | | |
| 1996–1997 | | | | | |
| 1997–1998 | | | | | |
| 1998–1999 | | | | | |
| 1999–2000 | | | | | |
| 2000–2001 | | | | | |
| 2001–2002 | | | | | |
| 2002–2003 | | | | | |
| 2003–2004 | | | | | |
| 2004–2005 | | | | | |
| 2005–2006 | | | | | |
| 2006–2007 | | | | | |
| 2007–2008 | | | | | |
| 2008–2009 | | | | | |
| 2009–2010 | | | | | |
| 2010–2011 | | | | | |
| 2011–2012 | | | | | |
| 2012–2013 | | | | | |
| 2013–2014 | | | | | |
| 2014–2015 | | | | | |
| 2015–2016 | | | | | |
| 2016–2017 | | | | | |
| 2017–2018 | | | | | |
| 2018–2019 | | | | | |
| 2019–2020 | | | | | |
| 2020–2021 | | | | | |
| 2021–2022 | | | | | |
| **ആകെ** | | | | | |

## സാക്ഷ്യപത്രം

ക്ഷേമനിധി ചട്ടം 8(a) പ്രകാരം ശ്രീമതി.......................................ക്ഷേമനിധിയിലേക്ക് അടച്ച വിഹിതം ............/- രൂപയും (കോളം 4) അടച്ച തുകയുടെ 11 % പലിശ ............./- രൂപയും, 2003 മാർച്ച് വരെ 10% ............/- രൂപയും 2003 ഏപ്രിൽ മുതൽ 2015 ഒക്ടോബർ വരെ 100% ഉം. 2015 നവംബർ മുതൽ 50% ഉം ............./- രൂപയും ചേർത്ത് ആകെ ................../- (..............................................................................രൂപ മാത്രം)

| | |
|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ |
| സ്ഥലം: | സ്ഥലം: |
| തീയതി: | തീയതി: |
| ഓഫീസ് മുദ്ര | ഓഫീസ് മുദ്ര |

# അനുബന്ധം -5

## ബാധ്യതാരഹിത സർട്ടിഫിക്ക്

(ക്ഷേമനിധി ആവശ്യങ്ങൾക്ക് മാത്രം നൽകുക.)

.............................................................ശിശു വികസന പദ്ധതി ഓഫീസിലെ............നമ്പർ(സ്ഥലം)....................................... അങ്കണവാടിയിലെ വർക്കർ/ഹെൽപ്പർ ആയ ശ്രീമതി....................... ......................................................നാളിതു വരെ ഈ ഓഫീസിലോ അങ്കണവാടി തലത്തിലോ യാതൊരുവിധ ബാദ്ധ്യതയും വരുത്തിയിട്ടില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം:

ഒപ്പ്:

തീയതി:

ഓഫീസ് മുദ്ര:

# അനുബന്ധം-6

**വിടുതൽ സർട്ടിക്കറ്റ്**

**................................ശിശു വികസന പദ്ധതി ഓഫീസറുടെ**

**നടപടിക്രമങ്ങൾ**

**(ഹാജർ..........................)**

ഉത്തരവ് നമ്പർ ...................... സ്ഥലം :

..................................

തീയതി :........................

വിഷയം : വനിതാ ശിശു വികസന വകുപ്പ് - **അങ്കണവാടി ക്ഷേമനിധി - പെൻഷൻ -**

**വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നത്.**

സൂചന : **സർക്കാർ ഉത്തരവ് നമ്പർ ....................... തീയതി...................**

പരാമർശിത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 62 വയസ്സ് പൂർത്തിയായ അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ്സ് ഉള്ളവരും ക്ഷേമനിധിയിൽ അംഗത്വമുള്ളവരുമായ അങ്കണവാടി പ്രവർത്തകർക്ക് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവുണ്ടാകുകയുണ്ടായി. ............. ന് 62 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള അങ്കണവാടി ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളവരും ചേരാത്തവരുമായ എല്ലാ അങ്കണവാടി വർക്കറെയും/അങ്കണവാടി ഹെൽപ്പറെയും ................... അപരാഹ്നം പ്രാബല്യത്തിൽ അങ്കണവാടി സേവനത്തിൽ നിന്നും വിടുതൽ ചെയ്യാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ .................. ന് 62 വയസ്സ് പൂർത്തിയായിട്ടുള്ള .............. സെന്ററിലെ (സെന്റർ നമ്പർ ......................) അങ്കണവാടി വർക്കർ/ഹെൽപ്പർ ആയ ശ്രീമതി ........................................................W/o.........................................

(വീട്ടുപേര്)................................... സ്ഥലം.....................................ബ്ലോക്ക്

............................(ജില്ല)................................ യെ ............. അപ

രാഹനം പ്രാബല്യത്തിൽ അങ്കണവാടി ചുമതലയിൽ നിന്ന് വിടുതൽ ചെയ്തിരിക്കുന്നു.

To,

ശ്രീമതി ...................................... ശിശുവികസന പദ്ധതി ഓഫീസർ

..............................................

..................................................

NB: 1.എല്ലാ നവംബർ മാസവും പെൻഷൻ വാങ്ങുന്ന അങ്കണവാടി ജീവനക്കാർ അക്ഷയ കേന്ദ്രം മുഖേന മസ്റ്ററിംഗ് ചെയ്യേണ്ടതും ആയതിന്റെ രേഖ അതാത് ശിശു വികസന ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

2. പെൻഷൻ വാങ്ങുന്ന ആൾ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത വിവരം ബന്ധുക്കളോ സഹപ്രവർത്തകരോ ആരെങ്കിലും അഞ്ച് ദിവസത്തിനുള്ളിൽ അതാത് പ്രോജക്ടിൽ അറിയിക്കേണ്ടതാണ്.

# അനുബന്ധം-7

## പെൻഷൻ അപേക്ഷ കൈപ്പറ്റ് രസീത്

ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയം

സ്ഥലം

.................................................

തീയതി

.................................................

................................... ശിശു വികസന പദ്ധതിയിൽ കീഴിലെ ............................... നമ്പർ അങ്കണവാടിയിലെ വർക്കർ/ഹെൽപ്പർ ആയ ശ്രീമതി ...................................... യുടെ പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു.

ശിശു വികസന പദ്ധതി ഓഫീസർ

.........................................

ഓഫീസ മുദ്ര